"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ് - എറണാകുളം ജില്ലയിലെ വടക്കൻ പറവൂരിലുള്ള സ്വാശ്രയ കോളേജായ കേസരി ആർട്സ് & സയൻസ് കോളേജിനെ സർക്കാർ ഏറ്റെടുക്കുന്ന കാര്യം തത്വത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(കൈ) നം.123/2021/ഉ.വി.വ തീയതി,തിരുവനന്തപുരം, 19/02/2021

---

പരാമർശം:- 1 കേസരി ബാലകൃഷ്ണപിള്ള മെമ്മോറിയൽ ട്രസ്റ്റ് പ്രസിഡന്റിന്റെ 7.6.2017ലെ നിവേദനം.

2 കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 21.03.2018ലെ ജി4/25283/2017/കോ.വി.വ നമ്പർ കത്ത്.

3 കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 30.10.2020-ലെ പി2/24065/2020/ കോ.വി.വ നമ്പർ കത്ത്.

ഉത്തരവ്

എറണാകുളം ജില്ലയിലെ വടക്കൻ പറവൂരിലുള്ള സ്വാശ്രയ കോളേജായ കേസരി ആർട്സ് & സയൻസ് കോളേജ് സർക്കാർ ഏറ്റെടുക്കണമെന്ന് കേസരി ബാലകൃഷ്ണപിള്ള മെമ്മോറിയൽ ട്രസ്റ്റ് പ്രസിഡന്റ് പരാമർശത്തിലെ കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

നിലവിൽ വടക്കൻ പറവൂർ നിയോജകമണ്ഡലത്തിൽ സർക്കാർ കോളേജില്ലെന്നും കേസരി ആർട്സ് & സയൻസ് കോളേജിന് നിലവിൽ 1.08 ഏക്കർ ഭൂമിയുണ്ടെന്നും ഇതിനു പുറമെ 3.05 ഏക്കർ ഭൂമി കേസരി ബാലകൃഷ്ണപിള്ളയുടെ കുടുംബാംഗങ്ങളുടെ പേരിലുണ്ടെന്നും സർക്കാർ കോളേജാക്കി മാറ്റുന്ന പക്ഷം ഈ ഭൂമി വിട്ടു തരാൻ തയ്യാറാണെന്ന് ട്രസ്റ്റ് ഉറപ്പ് നൽകിയിട്ടുണ്ടെന്നും ഈ പ്രദേശത്തു നിന്നും ഹയർ സെക്കന്ററി കോഴ്സ് പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് സർക്കാർ മേഖലയിൽ മറ്റ് സ്ഥാപനങ്ങൾ ഒന്നും തന്നെ ഇല്ലാത്തതാണെന്നും ഈ സാഹചര്യത്തിൽ അടുത്ത അക്കാദമിക വർഷം മുതൽ ആർട്സ് , സയൻസ്, സോഷ്യൽ സയൻസ്, ഹ്യുമാനിറ്റീസ് വിഷയങ്ങളിലായി ഓരോ കോഴ്സുകൾ വീതമെങ്കിലും തുടങ്ങാവുന്നതാണെന്നുള്ള കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശം രണ്ട് പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസ രംഗത്ത് പുതിയ കോളേജുകൾ അനുവദിക്കുന്നത് സംബന്ധിച്ച് 20.08.2020ലെ GO(Ms) No.299/2020/HEDN ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരം ഓരോ പ്രദേശത്തെയും വിദ്യാഭ്യാസ ആവശ്യം പരിഗണിച്ച് സർക്കാർ മേഖലയിൽ കോളേജുകൾ അനുവദിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. താഴെ പറയുന്ന നിബന്ധനകളോടെ എറണാകുളം വടക്കൻ പറവൂരിലുള്ള സ്വാശ്രയ കോളേജായ കേസരി ആർട്സ് & സയൻസ് കോളേജ് സർക്കാർ ഏറ്റെടുക്കുന്ന

കാര്യം തത്വത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. കോളേജ് കെട്ടിടവും സ്ഥലവും നിലവിലെ ഉടമസ്ഥർ സൗജന്യമായി ഉപാധിരഹിതമായി സർക്കാരിന് നൽകേണ്ടതാണ്.

2. നിലവിലെ ജീവനക്കാരെ സർക്കാർ ഏറ്റെടുക്കുന്നതല്ല. അവരുടെ കാര്യം ട്രസ്റ്റ് തന്നെ തീരുമാനിക്കേണ്ടതാണ്.

3 കോളേജ് പ്രവർത്തിക്കാനാവശ്യമായ ബാക്കി സ്ഥലം ഏറ്റെടുക്കാൻ ട്രസ്റ്റ് സർക്കാരിനെ സഹായിക്കേണ്ടതാണ്.

യു.ജി.സി നിബന്ധനകൾ അനുസരിച്ച് കോളേജ് പ്രവർത്തിക്കാനാവശ്യമായ ഭൂമി ഏറ്റെടുക്കാൻ കഴിയുമെന്ന് ട്രസ്റ്റും കോളേജ് വിദ്യാഭ്യാസ ഡയറക്ടറും ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.വേണു. വി. ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

കോപ്പി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

പ്രസിഡന്റ്, കേസരി ബാലകൃഷ്ണപിള്ള മെമ്മോറിയൽ ട്രസ്റ്റ് വടക്കൻ പറവൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (15.02.2021ലെ 156456/EDN സി2/2306/2020-ധന പ്രകാരം

പൊതുഭരണ (എസ്.സി) വകുപ്പ്

www.highereducation.kerala.gov.in

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

പകർപ്പ്

ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.ക്ക്

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by REKHA S
Date: 2021.02.19 10:55:45 IST
Reason: Approved
സെക്ഷൻ ഓഫീസർ

(39)

രഹസ്യം

B

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 17-02-2021

(90) ഫയൽ നം. ബി3/74/2018/ഉ.വി.വ. ഇനം നം: 4761

വിഷയം : ഉന്നത വിദ്യാഭ്യാസ വകുപ്പ് - എറണാകുളം ജില്ലയിലെ സ്വാശ്രയ കോളേജായ കേസരി ആർട്സ് & സയൻസ് കോളേജിനെ സർക്കാർ ഏറ്റെടുക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു. കോളേജ് ഏറ്റെടുക്കുന്നതോടൊപ്പം യു.ജി.സി. നിബന്ധനകൾ അനുസരിച്ച് കോളേജ് പ്രവർത്തിക്കാനാവശ്യമായ ഭൂമി ഏറ്റെടുക്കാൻ കഴിയുമെന്ന് ട്രസ്റ്റും കോളേജ് വിദ്യാഭ്യാസ ഡയറക്ടറും ഉറപ്പ് വരുത്തേണ്ടതാണ്.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

17/2/2021

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

Office of the Additional Chief Secretary ★ Higher Education & Environment Departments

18.2.21

\\\

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : ബി3/74/2018/ഉ.വി.വ. |
| 2 | വകുപ്പ് | : ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ്. |
| 3 | വിഷയം | എറണാകുളം ജില്ലയിലെ സ്വാശ്രയ കോളേജായ കേസരി ആർട്സ് & സയൻസ് കോളേജിനെ സർക്കാർ ഏറ്റെടുക്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 16/02/2021 |
| 5 | (1) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ | : ഇല്ല |
| | (2) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | : ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭയോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | : ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : ശ്രീ. വിജയകുമാർ.ആർ |
| 8 | കുറിപ്പ് അംഗീകരിച്ച ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ. വി. വേണു |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 16/02/2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ. വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 16/02/2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ഡോ .കെ.ടി.ജലീൽ |
| 13 | മന്ത്രിസഭയുടെ കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 16/02/2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 16/02/2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : |

113

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

എറണാകുളം ജില്ലയിലെ സ്വാശ്രയ കോളേജായ കേസരി ആർട്സ് & സയൻസ് കോളേജ് ഒരു സർക്കാർ കോളേജാക്കി മാറ്റണമെന്ന കേസരി ബാലകൃഷ്ണപിള്ള മെമ്മോറിയൽ ട്രസ്റ്റ് പ്രസിഡന്റിന്റെ നിവേദനമാണ് ഈ ഫയലിൽ പരിശോധിച്ച് വരുന്നത്.

2. നിലവിൽ പറവൂർ മണ്ഡലത്തിൽ ഒരു സർക്കാർ കോളേജ് ഇല്ലെന്നും, 10 ഹയർ സെക്കന്ററി സ്കൂളും, ഒരു വൊക്കേഷണൽ സ്കൂളും പ്രവർത്തിക്കുന്നുണ്ടെന്നും ആയതിനാൽ അടുത്ത അദ്ധ്യയന വർഷം മുതൽ അർട്സ്, സയൻസ്, സോഷ്യൽ സയൻസ്, ഹ്യുമാനിറ്റീസ് എന്നീ വിഷയങ്ങളിലായി ഓരോ കോഴ്സുകൾ വീതമെങ്കിലും തുടങ്ങാവുന്നതാണെന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3. നിലവിലുള്ള 1.08 ഏക്കർ ഭൂമി കൂടാതെ കേസരി ബാലകൃഷ്ണപിള്ളയുടെ പിൻതലമുറക്കാരുടെ പേരിലുള്ളതും, എന്നാൽ കഴിഞ്ഞ 45 വർഷമായി ഉടമസ്ഥത അവകാശപ്പെടാതെ കിടക്കുന്നതുമായ 3.05 ഏക്കർ ഭൂമി കൂടി ലഭ്യമാണെന്ന് കോളേജ് അധികൃതർ അറിയിച്ചതായും, ഇതുകൂടാതെ 1 ഏക്കർ ഭൂമി ലഭ്യമാക്കാമെന്ന് സ്ഥലം എം.എൽ.എ അറിയിച്ചതായും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

4. ഉന്നതവിദ്യാഭ്യാസ രംഗത്ത് പുതിയ കോളേജുകൾ അനുവദിക്കുന്നത് സംബന്ധിച്ച് 20.08.2020-ലെ G.O.(Ms.) No. 299/2020/H.Edn. നമ്പർ ഉത്തരവ് പ്രകാരം മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഓരോ പ്രദേശത്തെയും വിദ്യാഭ്യാസ ആവശ്യം പരിഗണിച്ച് സർക്കാർ മേഖലയിൽ കോളേജുകൾ അനുവദിക്കാവുന്നതാണ് എന്നാണ് പ്രസ്തുത ഉത്തരവ് പ്രകാരം

വ്യക്തമാക്കിയിട്ടുള്ളത്. യു.ജി.സി. മാനദണ്ഡം പ്രകാരം ആർട്സ് & സയൻസ് കോളേജുകൾക്ക് 5 ഏക്കർ ഭൂമി ആവശ്യമുണ്ട്. എന്നാൽ, ഈ കോളേജിന് നിലവിൽ 5 ഏക്കർ ഭൂമി കൈവശമുള്ളതായി കാണുന്നില്ല.

5. ഇതുസംബന്ധിച്ച് ധനകാര്യ വകുപ്പ് ലഭ്യമാക്കിയ അഭിപ്രായം ചുവടെ കണ്ടാലും.

"താഴെ പറയുന്ന നിബന്ധനകളോടെ കേസരി ബാലകൃഷ്ണ പിള്ള മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജ് മാത്രം ഏറ്റെടുക്കാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു.

1. കോളേജ് കെട്ടിടവും സ്ഥലവും നിലവിലെ ഉടമസ്ഥർ സൗജന്യമായി ഉപാധി രഹിതമായി സർക്കാരിന് നൽകേണ്ടതാണ്.
2. നിലവിലെ ജീവനക്കാരെ സർക്കാർ ഏറ്റെടുക്കുന്നതല്ല. അവരുടെ കാര്യം ട്രസ്റ്റ് തന്നെ തീരുമാനിക്കേണ്ടതാണ്.
3. കോളേജ് പ്രവർത്തിക്കാനാവശ്യമായ ബാക്കി വേണ്ട സ്ഥലം ഏറ്റെടുക്കാൻ ട്രസ്റ്റ് സർക്കാരിനെ സഹായിക്കേണ്ടതാണ്.

ഇതിന് ബഹു.ധനകാര്യ വകുപ്പ മന്ത്രിയുടെ അംഗീകാരമുണ്ട്."

6. മേൽ സാഹചര്യത്തിൽ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾ അനുസരിച്ച് കേസരി ആർട്ട്സ് & സയൻസ് കോളേജ് സർക്കാർ ഏറ്റെടുക്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുള്ളതാണ്.

## തീരുമാനിക്കേണ്ട വിഷയം

താഴെ പറയുന്ന നിബന്ധനകളോടെ എറണാകുളം നോർത്ത് പറവൂരിലെ കേസരി ആർട്സ് & സയൻസ് കോളേജ് സർക്കാർ ഏറ്റെടുക്കുന്ന കാര്യം തത്വത്തിൽ തീരുമാനിക്കാവുന്നതാണോ ?

1. കോളേജ് കെട്ടിടവും സ്ഥലവും നിലവിലെ ഉടമസ്ഥർ സൗജന്യമായി ഉപാധിരഹിതമായി സർക്കാരിന് നൽകേണ്ടതാണ്.
2. നിലവിലെ ജീവനക്കാരെ സർക്കാർ ഏറ്റെടുക്കുന്നതല്ല. അവരുടെ കാര്യം ട്രസ്റ്റ് തന്നെ തീരുമാനിക്കേണ്ടതാണ്.
3. കോളേജ് പ്രവർത്തിക്കാനാവശ്യമായ ബാക്കി വേണ്ട സ്ഥലം ഏറ്റെടുക്കാൻ ട്രസ്റ്റ് സർക്കാരിനെ സഹായിക്കേണ്ടതാണ്.

121

**GOVERNMENT OF KERALA**
(Shri. Pinarayi Vijayan Ministry)
Note for the Council of Ministers

| | | |
|---|---|---|
| 1. | File No. | : B3/ 74 /2018/H.Edn. |
| 2. | Department | : Higher Education (B) Department |
| 3. | Subject | : H.Edn – Taking over of Kesari Arts and Science College, a self financing college in Ernakulam by Goverment - reg. |
| 4. | Date of Chief Minister's order for placing before the Council | : 16/02/2021 |
| 5. | (i) Does the case involve financial commitments/implications | : No |
| | (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | : Yes |
| 6. | Are any other Department concerned with the case and if so have they been consulted and their remarks incorporated in the note for the Council | : No |
| 7. | Name of Additional Secretary who approved the Draft Note | : Sri.Vijayakumar.R |
| 8. | Name of Government Additional Chief Secretary who approved the draft note | : Dr. V. Venu |
| 9. | Date of approval of the Draft note for the Council by the Government Additional Chief Secretary | : 16/02/2021 |
| 10. | Name of Chief Secretary who approved the Draft Note | : Dr. Vishwas Mehta |
| 11. | Date of approval of the Draft Note for the Council by the Chief Secretary | : 16/02/2021 |
| 12. | Name of Minister who approved the Draft Note | : Dr. K.T. Jaleel |
| 13. | Date of approval of the Draft Note for the Council by the Minister | : 16/02/2021 |
| 14. | Date of submission of fair copies | : 16/02/2021 |
| 15. | Date of decision by the Council of Ministers | : |
| 16. | Number and date of Government Order communicating the decision | : |

## NOTE FOR COUNCIL OF MINISTERS

This file pertains to the representation submitted by the President, Kesari Balakrishna Pilla Memorial Trust for converting Kesari Arts and Science College, Ernakulam, into a Government college.

2. Directorate of Collegiate Education has reported that since there is currently no government college in Paravur constituency and whereas there are 10 higher secondary schools and one vocational school in the constituency, at least one course each in Arts, Science, Social Sciences and Humanities could be started from the next academic year.

3. In addition to the existing 1.08 acres available for the college, unclaimed land of 3.05 acres in the name of the descendants of Kesari Balakrishna Pillai is also available for the college, whereas the MLA has agreed to facilitate the availability of one more acre of land.

4. Government have issued guidelines regarding sanctioning of new colleges vide G.O.(Ms.)No.299/2020 dated 20.08.2020. As per the GO, new colleges may be sanctioned considering the educational needs of the area. According to the criteria issued by UGC, Arts & Science colleges need at least 5 acres of land. However, it does not appear that Kesari College of Arts and Science currently owns 5 acres of land.

5. The remarks provided by the Finance Department in this regard are as follows.

"താഴെ പറയുന്ന നിബന്ധനകളോടെ കേസരി ബാലകൃഷ്ണ പിള്ള മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജ് മാത്രം ഏറ്റെടുക്കാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു.

1. കോളേജ് കെട്ടിടവും സ്ഥലവും നിലവിലെ ഉടമസ്ഥർ സൗജന്യമായി ഉപാധി രഹിതമായി സർക്കാരിന് നൽകേണ്ടതാണ്.

2. നിലവിലെ ജീവനക്കാരെ സർക്കാർ ഏറ്റെടുക്കുന്നതല്ല. അവരുടെ കാര്യം ട്രസ്റ്റ് തന്നെ തീരുമാനിക്കേണ്ടതാണ്.

3. കോളേജ് പ്രവർത്തിക്കാനാവശ്യമായ ബാക്കി വേണ്ട സ്ഥലം ഏറ്റെടുക്കാൻ ട്രസ്റ്റ് സർക്കാരിനെ സഹായിക്കേണ്ടതാണ്.

ഇതിന് ബഹു.ധനകാര്യ വകുപ്പ മന്ത്രിയുടെ അംഗീകാരമുണ്ട്."

6. In the above circumstances Hon'ble Chief Minister has ordered the matter to be placed before the Council of Ministers.

# POINT FOR DECISION

Whether Kesari Arts & Science College, North Paravur, Ernakulam may be taken over in principle by the Government subject to the following conditions ?

1. The college building and land should be given to the Government free of cost, unconditionally.

2. Existing employees will not be taken over by the Government. Their case is to be decided by the Trust itself.

3. The trust should assist the Government in acquiring the remaining land required for the functioning of the college.

129

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉന്നതവിദ്യാഭ്യാസ വകുപ്പ് - പുതിയ കോളേജുകൾ അനുവദിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഉന്നതവിദ്യാഭ്യാസ(പി) വകുപ്പ്

G.O.(Ms) No.299/2020/HEDN തീയതി,തിരുവനന്തപുരം, 20/08/2020

---

<u>ഉത്തരവ്</u>

ഉന്നതവിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരവും പഠന സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച വിഷയത്തിൽ കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ ഒരു പഠനം നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ആർട്സ് & സയൻസ് കോളേജുകളെ പ്രത്യേകമായി പഠിച്ച പ്രസ്തുത റിപ്പോർട്ടിൽ സംസ്ഥാനത്തിന്റെ ഭാവി സാധ്യതകൾക്കും താല്പര്യങ്ങൾക്കും ഗുണകരമാകുന്ന രീതിയിൽ പുതിയ കോളേജുകൾ തുടങ്ങേണ്ടതിന്റെ ആവശ്യകതയും പരാമർശിച്ചിട്ടുണ്ട്. കൗൺസിൽ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചു.

2. സംസ്ഥാനത്തു ഉന്നതവിദ്യാഭ്യാസ രംഗത്ത് പുതിയ കോളേജുകൾ അനുവദിക്കുന്നത് സംബന്ധിച്ച് ചുവടെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) ഓരോ പ്രദേശത്തിന്റെയും വിദ്യാഭ്യാസ ആവശ്യം പരിഗണിച്ച് സർക്കാർ മേഖലയിലും, യു.ജി.സി / AICTE സർവ്വകലാശാലകൾ നിഷ്കർഷിക്കുന്ന അടിസ്ഥാന അക്കാദമിക സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുള്ളതും വിദ്യാഭ്യാസ സ്ഥാപനം നടത്തിയുള്ള മുൻകാലപരിചയവും അതിനാവശ്യമായ സാമ്പത്തികശേഷിയും ഉള്ള സഹകരണ സ്ഥാപനങ്ങൾക്ക് സ്വാശ്രയ മേഖലയിലും കോളേജുകൾ അനുവദിക്കാവുന്നതാണ് .

(ii) എയ്ഡഡ് മേഖലയിൽ പുതിയ കോളേജുകൾ തുടങ്ങുന്ന കാര്യം തത്കാലം പരിഗണിക്കുന്നില്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DR. USHA TITUS

PRINCIPAL SECRETARY

To

1. ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
2. ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
3. രജിസ്ട്രാർ, കേരള സർവകലാശാല / എം.ജി. സർവകലാശാല / കോഴിക്കോട് സർവകലാശാല / കണ്ണൂർ സർവകലാശാല / കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല

ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല ഇഞ്ചത്തെഴുത്തച്ഛൻ മലയാളം സർവകലാശാല · എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവകലാശാല.

4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E . G&SSA ). കേരള, തിരുവനന്തപുരം.

4. ഡയറക്ടർ. ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്.

5. നോഡൽ ഓഫീസർ. www.highereducation.kerala.gov.in

6. കരുതൽ ഫയൽ / ഓഫീസ് കോപ്പി .

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ

പകർപ്പ് :

1. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. ക്ക്
4. ഉന്നതവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും